# St Chavara

## Group Prayer

സ്വർഗ്ഗീയ സാന്നിധ്യം നിറഞ്ഞുനിൽക്കുന്ന അൾത്താരയിൽ ഈശോ സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും നാഥൻ. ദിവ്യകാരുണ്യ ഈശോ. ഇന്നിന്റേതായ എല്ലാ വ്യഗ്രതകളെയും, ഇനിയും ചെയ്തുതീരാതെ ബാക്കിനിൽക്കുന്ന എല്ലാറ്റിനെയും, എല്ലാമറിയുന്നവന്റെ സന്നിധിയിൽ ചേർത്തുവച്ച്, ഒരു നിമിഷം നമ്മുടെ മനസ്സിനെ ഏകാഗ്രമാക്കാം അവിടുത്തെ കരുണാർദ്രസ്നേഹം നമുക്കനുഭവിക്കാം.

ദിവ്യകാരുണ്യനാഥനായ ഈശോ, അങ്ങേ സാന്നിധ്യത്തിന്റെ നിറവിലായിരിക്കുമ്പോൾ വി. ചാവറപിതാവിന്റെ ജീവിതചൈതന്യത്തിലേക്ക് ഞങ്ങളുടെ ഹൃദയങ്ങളുണർത്തട്ടെ. ദിവ്യ-കാരുണ്യസന്നിധിയിൽ ഉപാസനചെയ്ത് പരി. അരൂപിയുടെ കൈയ്യൊപ്പായി ദൈവിക മനുഷ്യനായിത്തീർന്നവൻ. മലയാളത്തിലെ സ്ലീഹകൾക്ക് ഞങ്ങളുടെ ജീവിതപാതയിൽ വ്യക്തമായ ദൈവികമായ പകർന്നവൻ, കാലത്തിനൊപ്പവും അതിനു മുന്നിലായും നടന്നപ്പോഴും കാലത്തിനപ്പുറം കാണാനുള്ള അസാമാന്യസിദ്ധിവിശേഷം സ്വന്തമാക്കിയവൻ, സാധാരണസാഹചര്യങ്ങളിൽ ജനിച്ച്, സാധാരണരീതിയിൽ വളർന്ന്, സന്യാസജീവിതം സമ്മാനിച്ച സഹനസമ്പൂർണ്ണപാതകൾ സ്വീകരിച്ച് പൗരോഹിത്യത്തിന്റെ പടവുകൾ കയറിയ പിതാവ്, ജീവിതത്തിൽ ഉടനീളം അസാധാരണ സാഹചര്യങ്ങളെ നേരിടാനും അവയെ അതിവർത്തിക്കാനും നിയോഗമുള്ളവനായിരുന്നു.

ജീവിതം മുഴുവൻ ദൈവാരാധനയാക്കി-മാറ്റുന്ന പുണ്യാത്മാക്കൾക്ക് മാത്രം സ്വന്തമാണ് ഇത്തരം ജീവിതം. സ്വന്തം ആത്മാവിലേക്ക് പകർത്തിയെടുക്കുന്ന ദിവ്യ-

ദീപ്തിയെ സഹജീവികളിലേക്ക് ആദ്ധ്യാത്മിക തേജസ്സായി പ്രസരിപ്പിക്കുന്ന പുണ്യകർമ്മം - അതാണ് ആ താപസജീവിതം.

അനന്തസ്നേഹമായ ദൈവമേ, ഞങ്ങൾക്ക് മുമ്പിൽ മാതൃകയായ് അങ്ങ് ഉയർത്തുന്ന വന്ദ്യനായ ഈ പിതാവിന്റെ, ഓർമ്മകൾക്കുമുമ്പിൽ ഞങ്ങളിതാ ശിരസ്സ് നമിക്കുന്നു. അങ്ങയോട് ചേർന്നനിൽക്കാനായതിന്റെ, നിറവുകളാണല്ലോ ആ ജീവിതത്തിൽ ഞങ്ങൾ ദർശിക്കുന്നത്. ദൈവത്തെ തന്റെ വത്സലപിതാവായി, താൻ അവിടുത്തെ പ്രിയ പുത്രനായ് ദർശിച്ച് ആരംഭിക്കുന്ന ജീവിത സപഥം. അതെ, അദ്ദേഹത്തിന് ധ്യാനമെന്നത് സ്നേഹവത്സലനായ പിതാവിനോട് ചേർന്നിരുന്ന് ഹൃദയബന്ധത്തിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലലായിരുന്നു. സ്വന്തം ഹൃദയാന്തരാളത്തിൽ അനുഭവിച്ചറിഞ്ഞ ദൈവികസാന്നിദ്ധ്യം മറ്റു മനുഷ്യരിലും, പ്രപഞ്ചത്തിലും എല്ലാ ജീവിതാനുഭവങ്ങളിലും അദ്ദേഹത്തിന് കാണാൻ കഴിഞ്ഞു. ജീവിതത്തിലുടനീളം ദൈവപിതാവിന്റെ സ്നേഹം തൊട്ടറിഞ്ഞിരുന്ന ധന്യനാതന്റെ, ഹൃദയത്തിൽനിന്ന് നന്ദിയുടെ ഈരടികൾ അവിരാമം ഒഴുകിക്കൊണ്ടിരുന്നു.

(മമ പിതാവു നീയേ - [ഗാനം - 2നം]

പ്രാർത്ഥിക്കാനായില്ലെങ്കിൽ ജീവിക്കാനാവില്ലെന്ന് ഇന്നിന്റെ സാഹചര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. നല്ല ദൈവമേ, ഈ ഭൂമിയിൽ ദൈവവേലക്കിറങ്ങിയ ഞങ്ങളിൽ അങ്ങേ സ്നേഹാഗ്നി നിറയ്ക്കണമെ! പ്രാർത്ഥനയിൽ അസ്വസ്ഥതകളെ ദൈവാശ്രയബോധം കൊണ്ട് രൂപാന്തരപ്പെടുത്താൻ അഭ്യസിപ്പിക്കണമെ

ഏറിയനാൾ മുമ്പിനാലെ ബന്ധുവേദം നടന്നുവരുന്ന ഈ മലയാളത്തിൽ നല്ല കണ്ടുപഠിത്തത്തിന് വഴിതെളിക്കാൻ സ്വപ്നം കണ്ട മഹാത്മാവാണ് നമ്മുടെ ചാവറത്താതൻ. ദൈവതിരുമുമ്പിലും അധികാരികളോടും വിനീതമനസ്ഥിതി യോടെ വ്യാപരിച്ച് സന്യാസഭവനങ്ങൾ കെട്ടിപൊക്കിയ വിശുദ്ധാത്മാവ് തന്റെ മക്കളോട് പറയുന്നത് "ആശ്രമങ്ങളുടെ ഉറവ് അതിന്റെ ചുമരുകളുടെ ഉറപ്പല്ല മറിച്ച് അതിൽ വസിക്കുന്നവരുടെ തീക്ഷ്ണതയും വിശുദ്ധിയുമാകുന്നു എന്ന്" നമ്മുക്ക് നമ്മുടെ ഉള്ളിലേക്ക് നോക്കാം. വിശുദ്ധരാകാൻ വിളി-ക്കപ്പെട്ട നമ്മുടെ ജീവിതത്തിലെ പാകപിഴകളെ കുരിശിൻ ചുവട്ടിൽ സമർപ്പിക്കാം. അവിടുത്തെ അനന്തസ്നേഹം ഏറ്റുവാങ്ങി കൊണ്ട്, അവിടുത്തെ അനന്തകാരുണ്യത്തിൽ നമ്മുക്കായിരിക്കാം.

നീണ്ടമണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിലായിരുന്ന് ലോകത്തിനായി വിരിച്ച കരങ്ങളോടെ ഒട്ടും മടുപ്പു കൂടാതെ ആയിരുന്ന ചാവറയച്ചൻ. ദിവ്യകാരുണ്യത്തിൽ നിന്ന് ശക്തികൊണ്ട പിതാവിന്റെ ഒരുകർമ്മംപോലും പാഴായിപോയിട്ടില്ലെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. നമ്മുക്കും നമ്മുടെ സകലതും ദിവ്യനാഥന് നൽകാം. ഈ സമയം നമ്മുടെ ഹൃദയാന്തരാളത്തിൽ ഉയിർക്കൊള്ളുന്ന അർത്ഥനകളെ സമർപ്പിക്കാം.

(കാരൊസെൽസ്...)

അനേകം ലോകക്കാഴ്ച്ചകണ്ട കണ്ണുകൾ പലപ്പോഴും മലിനമാക്കപ്പെട്ടിട്ടുണ്ട്. ഇനി അവ ലോകത്തെ ഇത്രമേൽ സുന്ദരമായി സൃഷ്ടിച്ചവനെ മാത്രം കാണട്ടെ. ചാവറപിതാവിന്റെ

അഭിലാഷം മുഴുവനും കൺനിറയെ യേശുചരിത്രം കാണണമെന്നായിരുന്നു ഉണ്ണിമിശിഹാമുതൽ നീളുന്ന ചരിത്രം. അതേ പിതാവിനോടു ചേർന്ന് നമുക്കും പാടി പ്രാർത്ഥിക്കാം.

(കാരുണ്യരൂപനാം ദൈവകുമാരന്റെ
ആരണ്യശോഭയെ കാണാകണം ...)

നമുക്കീസമയം ഏറെ സ്നേഹത്തോടെ, നന്ദിനിറഞ്ഞ ഹൃദയത്തോടെ ആയിരിക്കാം. ചാവറയച്ചനിലൂടെ കേരളസഭയ്ക്ക്, കേരളജനതയ്ക്ക് ദൈവം നൽകിയ മഹത്തായ നന്മകളെ നന്ദിയോടെ ഓർക്കാം. നന്മയുടെ ഓർമ്മ അനശ്വരമാണ്. ദൈവവും മനുഷ്യനും അത് വിലമതിക്കുന്നു. ഒരുപാട് നന്മകൾ ഞങ്ങളുടെ വ്യക്തിജീവിതത്തിലേക്ക് നൽകാൻ വി. ചാവറയച്ചന് അങ്ങ് എടുത്തുയർത്തിയതിന് നന്ദി. ഈശോയെ ഓരോ വിശുദ്ധജീവിതവും ഞങ്ങളെ വിശുദ്ധിയിലേക്ക് വളരാനുള്ള പ്രേരകശക്തികളായി നിലകൊള്ളുന്നു. നാഥാ ഞങ്ങളുടെ ബലഹീനതകളിൽ കൂടെ നടന്ന് ബലപ്പെടുത്തൂ. ദിവ്യനാഥാ, അമ്മയുടെ ഉദരത്തിൽ ഉരുവായ നാൾമുതൽ ഈ നിമിഷം വരെ കാത്ത അങ്ങയുടെ അനന്തപരിപാലനയ്ക്ക് കോടി പ്രണാമം.

(നന്ദിയുടെ Song)